(ബി) ബാറുകൾ നിർത്തലാക്കിയശേഷം ബിവറേജസ് ഔട്ട്ലെറ്റുകൾ വഴിയുള്ള വിദേശമദ്യത്തിന്റെ വിൽപ്പന വർദ്ധിച്ചിട്ടുണ്ടെങ്കിലും വെയർഹൗസുകൾ വഴിയുള്ള വിദേശമദ്യത്തിന്റെ വിൽപ്പനയുടെ അളവിൽ കുറവ് വന്നിട്ടുണ്ട്. 2013-14 വർഷത്തെ അപേക്ഷിച്ച് 2014-15 -ൽ മദ്യ വിൽപ്പനയിൽ 8% കുറവ് വന്നിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

വിദേശമദ്യ വിൽപ്പന

112(116) ശ്രീ. എം ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ബാറുകൾ നിർത്തലാക്കിയതിനുശേഷം ബിവറേജസ് ഔട്ട് ലെറ്റുകളിലെ വിദേശമദ്യത്തിന്റെ വിൽപ്പന വർദ്ധിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വർദ്ധനവ് എത്ര ;

(ബി) ബാറുകൾ നിർത്തലാക്കുന്നതിന് മുൻപ് ഒരു മാസം എത്ര രൂപയുടെ വിൽപ്പനയാണ് നടന്നിരുന്നത് ; ഇപ്പോൾ ഒരു മാസം എത്ര രൂപയുടെ വിൽപ്പനയാണ് നടക്കുന്നത് ?

ഉത്തരം

(എ) ബാറുകൾ നിർത്തലാക്കിയതിനുശേഷം ബിവറേജസ് ഔട്ട്ലെറ്റുകളിലെ വിദേശമദ്യത്തിന്റെ വിൽപ്പന വർദ്ധിച്ചിട്ടുണ്ടെങ്കിലും വെയർഹൗസുകൾവഴിയുള്ള വിദേശമദ്യത്തിന്റെ വിൽപ്പനയുടെ അളവിൽ കുറവ് വന്നിട്ടുണ്ട്. ചില്ലറ വിൽപ്പന ശാലകളിലെ 2014-15-ലെ മാസ വിൽപ്പന 2013-14-ലെ വിൽപ്പനയുമായി താരതമ്യം ചെയ്യ വർദ്ധന ശതമാനം അനുബന്ധം ആയി വയ്ക്കുന്നു.* 2013-14 വർഷത്തെ അപേക്ഷിച്ച് 2014-15-ൽ മദ്യവിൽപ്പനയിൽ 8 ശതമാനത്തിന്റെ കുറവ് ഉണ്ടായിട്ടുണ്ട്.

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ ഒരു മാസത്തെ ശരാശരി വിൽപ്പന 660.25 കോടി രൂപയും ബാറുകൾ നിർത്തലാക്കിയതിനുശേഷം 2015 ഏപ്രിൽ മാസം 992.90 കോടി രൂപയുടെയും മെയ് മാസത്തിൽ 1006.15 കോടി രൂപയുടെയും വിൽപ്പന നടന്നിട്ടുണ്ട്.

ഡിസ്റ്റിലറികൾ ഉൽപ്പാദിപ്പിച്ച മദ്യത്തിന്റെ അളവും നടത്തിയ വിൽപ്പനയും

113 (117) ശ്രീ. എം. എ. ബേബി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവൃത്തിക്കുന്ന ഡിസ്റ്റിലറികൾ ഓരോന്നും കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ ഉൽപ്പാദിപ്പിച്ച മദ്യത്തിന്റെ അളവും നടത്തിയ വിൽപ്പനയുടെ മൊത്തവിലയും തിരിച്ച് വിശദമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബിവറേജസ് കോർപ്പറേഷന് പുറമേ ഡിസ്റ്റിലറികൾ ആർക്കെങ്കിലും നേരിട്ട് മദ്യവിൽപ്പന നടത്തുന്നുണ്ട്;

(സി) ഓരോ ഡിസ്റ്റിലറിയുടേയും ഉൽപ്പാദിപ്പിക്കുവാനുള്ള കപ്പാസിറ്റി എത്ര ;

(ഡി) ബിയറും വൈനും ഉൽപ്പാദിപ്പിക്കാൻ ഏതെല്ലാം കമ്പനികൾക്ക് അനുമതി നൽകിയിട്ടുണ്ട് ; പുതുതായി ഡിസ്റ്റിലറികൾ സ്ഥാപിക്കുന്നതിന് ലഭിച്ച അപേക്ഷകൾ എത്ര ; ഏതെല്ലാം ; വിശദമാക്കാമോ ?

ഉത്തരം

(എ) കഴിഞ്ഞ 5 വർഷങ്ങളിൽ ഉൽപ്പാദിപ്പിച്ച മദ്യത്തിന്റെ അളവ് സംബന്ധിച്ച വിശദവിവരം അനുബന്ധം I ആയി ചേർക്കുന്നു.* മദ്യത്തിന്റെ വില സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) യുണൈറ്റഡ് ഡിസ്റ്റിലറി ചേർത്തലയിൽനിന്നും മാഹി, പോണ്ടിച്ചേരി എന്നിവിടങ്ങളിലേക്കും കോട്ടയം കാസനോവ ഡിസ്റ്റിലറിയിൽനിന്നും സി.ആർ.പി.എഫ്, ബി.എസ്.എഫ്. എന്നിവയുടെ കാന്റീനുകളിലേക്കും ദേവികളം ഡിസ്റ്റിലറിയിൽ നിന്നും മാഹി, പോണ്ടിച്ചേരി, യു.എ.ഇ., മസ്കറ്റ് എന്നിവിടങ്ങളിലേക്കും അമൃത് ഡിസ്റ്റിലറി, യുണൈറ്റഡ് സ്പിരിറ്റ്സ്, പാലക്കാട് എന്നിവയിൽനിന്നും മാഹിയിലേക്കും ഇംപീരിയൽ സ്പിരിറ്റ്സിൽനിന്നും മാഹി, പുതുശ്ശേരി, കാരയ്ക്കൽ എന്നിവിടങ്ങളിലേയ്ക്കും മദ്യവിൽപ്പന നടത്തുന്നുണ്ട്.

(സി) വിശദവിവരം അനുബന്ധം 2 ആയി ചേർക്കുന്നു*.

(ഡി) ബിയർ ഉൽപ്പാദിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളത് ചേർത്തല യുണൈറ്റഡ് ബ്രൂവറി, തൃശ്ശൂർ മലബാർ ബ്രൂവറീസ്, പാലക്കാട് യുണൈറ്റഡ് ബ്രൂവറീസ് എന്നിവയ്ക്ക് മാത്രമാണ്. വ്യാവസായികാടിസ്ഥാനത്തിൽ വൈൻ ഉത്പാദിപ്പിക്കുവാനുള്ള അനുമതി ഒരു കമ്പനിക്കും നൽകിയിട്ടില്ല. പുതുതായി ഡിസ്റ്റിലറികൾ തുടങ്ങുന്നതിനുള്ള അപേക്ഷകൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല.

മദ്യവിൽപ്പനയിൽ നിന്നുമുള്ള വരുമാനം

114 (118) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ബാറുകൾ പൂട്ടിയതിനുശേഷം മദ്യവിൽപ്പനയിൽനിന്നുള്ള വരുമാനം കുടിയിട്ടുണ്ടോ ;

(ബി) എങ്കിൽ എത്രയാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ-ബി) ബാറുകൾ പൂട്ടിയതിനുശേഷം മദ്യവിൽപ്പനയിൽനിന്നുമുള്ള വരുമാനം കുടിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly